**പതിനാലാം കേരളനിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2778** 18/08/2017 -ൽ മറുപടിയ്ക്ക്

**പ്ലസ് 2 , ഡിഗ്രി അഡ്മിഷനുകൾ**

ചോദ്യം

ശ്രീ.പി.കെ. ശശി :

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി (എ) പാസ്സായ വിദ്യാർത്ഥികൾ (സ്റ്റേറ്റ്/ CBSE/ICSE) എത്ര എന്നും എത്ര വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് പ്ലസ് 2 വിനും ഐ.ടി.ഐ പോലുള്ള അനുബന്ധ കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചു എന്നും പ്ലസ് 2 വിന്റെ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു എന്നും വ്യക്തമാക്കുമോ;

ഉത്തരം

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

2017 മാർച്ചിൽ 4,49,648 വിദ്യാർത്ഥികൾ എസ് എസ് എൽ സി യും, 72,166 പേർ സി ബി എസ് ഇ യും, 7,264 പേർ ഐ സി എസ് ഇ പരീക്ഷയും പാസ്സായിട്ടുണ്ട്.

ഹയർ സെക്കണ്ടറി പ്രവേശനം സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു. 27,715 പേർക്ക് വി എച്ച് എസ് ഇ ൽ ഒന്നാം വർഷ പ്രവേശനം ലഭിച്ചിട്ടുണ്ട്. 5,285 സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്.

2017 വർഷത്തിൽ ഐ ടി ഐ കളിലെ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ സി വി റ്റി) അഫിലിയേറ്റഡ് ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതിയായി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി ജി റ്റി) നിശ്ചയിച്ചിട്ടുള്ളത് 15.08.2017 ആണ്. ടി ട്രേഡുകളിലെ അഡ്മിഷൻ നടപടികൾ (MIS Portal ലെ entry തുടങ്ങിയവ) അവസാനിക്കുന്നത് 31.08.2017 നാണ്. കൂടാതെ ഗവൺമെന്റ് ഐ ടി ഐ കളിൽ നിലവിലുള്ള സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ് സി വി റ്റി) ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതിയായി നിലവിൽ നിശ്ചയിച്ചിരിക്കുന്നത് 31.08.2017 നാണ്. ആയതിനാൽ മേൽ പരാമർശിച്ച നടപടികൾ പൂർത്തിയായ ശേഷം മാത്രമേ എസ് എസ് എൽ സി പാസ്സായ വിദ്യാർത്ഥികളിൽ എത്ര

പേർക്ക് ഐ ടി ഐ കളിൽ അഡ്മിഷൻ ലഭിച്ചു എന്ന വിവരം ലഭ്യമാവുകയുള്ളൂ.

വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ്, പ്രൈവറ്റ്, എസ് സി ഡി ഡി, എസ് ടി ഡി ഡി, ഐ ടി ഐ കളിൽ 2016 വർഷം ആകെ 24,259 കുട്ടികൾക്ക് പ്രവേശനം നൽകിയിരുന്നു.

12,438 പേർ വിവിധ കോഴ്സുകളിലായി 2017-18 അധ്യയന വർഷം പോളിടെക്നിക് കോളേജുകളിൽ 11.08.2017 വരെ പ്രവേശനം നേടിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്ലസ് 2 പരീക്ഷയെഴുതി പാസ്സായ വിദ്യാർത്ഥികൾ (സ്റ്റേറ്റ്/ CBSC/ISE ഉൾപ്പെടെ ഇനം തിരിച്ച്) എത്ര; ഇവരിൽ വിവിധ കോഴ്സുകൾക്കായി ഉപരി പഠനത്തിന് അഡ്മിഷൻ ലഭിച്ചവരെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി പാസ്സായവരുടെ വിവരം ശേഖരിച്ചു വരുന്നു. 23,983 വിദ്യാർത്ഥികൾ വി എച്ച് എസ് ഇ പരീക്ഷ പാസ്സായിട്ടുണ്ട്. സി ബി എസ് ഇ യിൽ 33,334 പേരും, ഐ എസ് സി യിൽ 2,167 പേരും പരീക്ഷയെഴുതി പാസ്സായിട്ടുണ്ട്.

(സി) പ്ലസ് 2 കഴിഞ്ഞവർക്ക് ഡിഗ്രി അഡ്മിഷന് സംസ്ഥാനത്തെ വിവിധ കോളേജുകളിലായി എത്ര സീറ്റുകൾ ഉണ്ട് എന്നും (ഐച്ഛിക വിഷയം തരം തിരിച്ച്) ഇതിൽ എത്ര പേർക്ക് നാളിതുവരെ അഡ്മിഷൻ ലഭിച്ചു എന്നും എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു എന്നും വ്യക്തമാക്കുമോ?

(സി) വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ